## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4705 — 27.6.2014-ൽ മറുപടിക്ക്

### പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ്കുമാർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്തെ 25 മുനിസിപ്പാലിറ്റികളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) | ഇത്തരത്തിലുള്ള ഓരോ യൂണിറ്റിനും എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) | ഏകദേശം 3 ലക്ഷം രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അംഗീകൃത എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുക അനുവദിക്കുന്നതാണ്. |
| സി) | പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | സി) | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിലേയ്ക്ക് അവലംബിക്കേണ്ട കെട്ടിടത്തിന്റെ മാതൃക ശുചിത്വ മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ടി മാതൃകാ രൂപകൽപനയുടെ അടിസ്ഥാനത്തിൽ നഗരസഭകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും തയ്യാറാക്കി ലഭിക്കുന്ന പദ്ധതി നിർദ്ദേശവും എസ്റ്റിമേറ്റിന്റെയും മെഷിനറികളുടെ വിലയും ചേർത്തുള്ള പ്രോജക്ട് ലഭിക്കുന്ന മുറയ്ക്ക് ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതിയും നിർവ്വഹണത്തിലേയ്ക്ക് സാമ്പത്തിക സഹായവും നൽകി വരുന്നു. |
| ഡി) | കൽപ്പറ്റ നഗരസഭയിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ? | ഡി) | കൽപ്പറ്റ നഗരസഭ പദ്ധതി തയ്യാറാക്കി നൽകുന്ന മുറയ്ക്ക് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കാനുള്ള സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ